**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3349** | **15-02-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം ഫെസിലിറ്റേഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിലെ നിക്ഷേപകരെ സഹായിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ടൂറിസം ഫെസിലിറ്റേഷൻ സെന്റർ വഴി എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | 2023 നവംബർ 16 ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കപ്പെട്ട ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് -ന് തുടർച്ചയായാണ് ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചത്. നിക്ഷേപകർക്ക് വിവിധ പദ്ധതികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെയാണ് "ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ" രൂപീകരിച്ചിട്ടുള്ളത്. നിക്ഷേപകർക്ക് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായും മറ്റ് വിവിധ വകുപ്പുകളുമായി ബന്ധപ്പെടുന്നതിനുള്ള ഒരു സിംഗിൾ പോയിന്റ് ഓഫ് കോണ്ടാക്റ്റ് ആയാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ പദ്ധതികളുടെ നിർവ്വഹണവേളയിൽ നിക്ഷേപകർ അഭിമുഖീകരിക്കേണ്ടിവരുന്ന നിയമപരവും സാങ്കേതികവുമായ വിവിധ തടസ്സങ്ങളും മറ്റ് ബുദ്ധിമുട്ടുകളും ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുവാനും ഇവ പരിഹരിക്കുന്നതിന് നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുവാനും ഉള്ള ഒരു സംവിധാനം എന്നത് കൂടിയാണ് ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്-ന്റെ ഭാഗമായി സർക്കാറിന്റെ അധീനതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം പദ്ധതികൾ, സ്വകാര്യ പദ്ധതികൾ, വിവിധ സ്റ്റാർട്ടപ്പ് പദ്ധതികൾ മുതലായവയിലുള്ള നിക്ഷേപാവസരങ്ങളെ സംബന്ധിച്ച് മനസിലാക്കുവാൻ നിക്ഷേപകർക്ക് അവസരം ലഭിച്ചു. ഇത് കൂടാതെ വിവിധ സർക്കാർ പദ്ധതികളിലും സ്വകാര്യ പദ്ധതികളിലും സ്റ്റാർട്ടപ്പ് പദ്ധതികളിലും താത്പര്യപത്രം സമർപ്പിക്കുകവഴി പദ്ധതി നിർവ്വഹണത്തിന്റെ തുടർഘട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഭാഗമാകുവാനുള്ള അവസരവും നിക്ഷേപകർക്ക് ലഭ്യമായി. നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ വിനോദ സഞ്ചാരവകുപ്പ് സ്വീകരിച്ച് വരികയാണ്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 ന് ശേഷമുള്ള ഫോളോ അപ് പ്രവർത്തനങ്ങളുടെ സുഗമവും വിജയകരവുമായ നടത്തിപ്പിന് 16.01.24 ലെ സ.ഉ (സാധാ)നം. 21/2024/TSM പ്രകാരം ഒരു ടെമ്പററി ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, മോണിറ്ററിംഗ് കമ്മിറ്റി, പ്രോജക്റ്റ് എക്സിക്യൂഷൻ ടീം എന്നിവയുടെ രൂപീകരണം, ഏകജാലക സംവിധാനം വഴിയുള്ള അനുമതികൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി – യുമായുള്ള സഹകരണം, വിവിധ പദ്ധതികൾക്കുള്ള അനുമതികൾ ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനമായ കെ-സ്വിഫ്റ്റ് സംവിധാനം പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവയാണ് നിക്ഷേപ പ്രോത്സാഹനത്തിനായി സ്വീകരിച്ചിട്ടുള്ള വിവിധ നടപടികൾ. |
| (സി) | ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങളുമായി സഹകരിച്ച് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലും നടപ്പിലാക്കുന്നുണ്ട്. സഹകരണ മേഖലയുടെ പങ്കാളിത്തമുള്ള പദ്ധതികളെ ടൂറിസം വകുപ്പ് പ്രോത്സാഹിക്കും. |

സെക്ഷൻ ഓഫീസർ